"ഭരണഭാഷ - മാതൃഭാഷ"

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി.ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-695004, കേരള
വെബ് സൈറ്റ്: www.kseb.in CIN - U40100KL2011SGC027424

ടെലിഫോൺ നമ്പർ : 0471 2514527, 2514608
ഫാക്സ്:0471 2514472
ഇമെയിൽ: pokseb@gmail.com

ചീഫ് പേഴ്സണൽ ഓഫീസറുടെ കാര്യാലയം
വൈദ്യുതി ഭവനം, പട്ടം,
തിരുവനന്തപുരം-695004

**No.PS6/WF/ECA/2016** തീയതി: 08. 08.2016

## പരിപത്രം

**(നോട്ടീസ് ബോർഡിലേയ്ക്കും പ്രസിദ്ധീകരണത്തിനും വേണ്ടി)**

വിഷയം: വെൽഫയർ ഫണ്ടിൽ നിന്നും വിദ്യാഭ്യാസ അവാർഡ് നൽകുന്നത് - സംബന്ധിച്ച്.

സൂചന: (1) എംപ്ലോയീസ് വെൽഫെയർ ഫണ്ട് ഗവേണിംഗ് ബോഡിയുടെ 29.06.2016-ലെ യോഗ തീരുമാനം.

(2) പരിപത്രം **No.PS6/WF/ECA/2016/**തീയതി 30.06.2016.

സൂചന (2) പരിപത്രം പ്രകാരം അറിയിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി വെൽഫയർ ഫണ്ട് അംഗങ്ങളായ വൈദ്യുതി ബോർഡ് ജീവനക്കാരുടെ മക്കളിൽ 2016-ലെ 10-)ം ക്ലാസ് (കേരള/സി.ബി.എസ്.ഇ/ഐ.സി.എസ്.ഇ) പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും 90 ശതമാനമോ **A+ / A1** ഗ്രേഡോ ലഭിക്കുകയും ചെയ്ത വിദ്യാർത്ഥികൾക്ക് മുൻവർഷങ്ങളിൽ അനുവദിച്ചുവന്നതിനു സമാനമായി 3501/- രൂപ ക്യഷ് അവാർഡും സർട്ടിഫിക്കറ്റും വിദ്യാഭ്യാസ അവാർഡായി നൽകുന്നതിനു കെ.എസ്.ഇ.ബി.ലിമിറ്റഡ് തീരുമാനമെടുത്തിട്ടുണ്ട്.

ഇതിനോടകം അപേക്ഷിക്കുവാൻ കഴിയാതിരുന്ന യോഗ്യതയുള്ള 10-)ം ക്ലാസ് വിദ്യാർത്ഥികളുടെ രക്ഷിതാക്കൾ ബന്ധപ്പെട്ട എ.ആർ.യു മേധാവി സാക്ഷ്യപ്പെടുത്തിയ നിർദ്ദിഷ്ട ഫോറത്തിലുള്ള അപേക്ഷ, മാർക്ക് ലിസ്റ്റിൻെറ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം സെക്രട്ടറി, കെ.എസ്.ഇ.ബി എംപ്ലോയീസ് വെൽഫയർ ഫണ്ട്, പേഴ്സണൽ ഡിപ്പാർട്ട്മെൻറ്, വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം-4 എന്ന വിലാസത്തിൽ 12.08.2016-നോ അതിനു മുൻപോ ലഭ്യമാക്കേണ്ടതാണ്. എ.ആർ.യു മേധാവി സാക്ഷ്യപ്പെടുത്താത്ത അപേക്ഷകളും 12.08.2016-നു ശേഷം ലഭിക്കുന്ന അപേക്ഷകളും യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. മുകളിൽ പറഞ്ഞിരിക്കുന്ന പരീക്ഷാ യോഗ്യതകൾ കരസ്ഥമാക്കാത്ത അപേക്ഷകൾ അയക്കേണ്ടതില്ല.

ഏ.ആർ.യു മേധാവി, അവരുടെ കീഴിലുള്ള എല്ലാ ഓഫീസുകളിലെയും നോട്ടീസ് ബോർഡിൽ ടി പരിപത്രത്തിൻെറ പകർപ്പ് പ്രദർശിപ്പിക്കുവാനും ജീവനക്കാരിലെല്ലാം ഈ വിവരം എത്തിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. **സൂചന (2) പ്രകാരം നേരത്തെ അപേക്ഷിച്ചിട്ടുള്ളവരെ ക്യാഷ് അവാർഡിനായി പരിഗണിച്ചിട്ടുള്ളതിനാൽ വീണ്ടും അപേക്ഷ നൽകേണ്ടതില്ല.**

സെക്രട്ടറി
കെ.എസ്.ഇ.ബോർഡ് എംപ്ലോയീസ് വെൽഫയർ ഫണ്ട്

ഉൾച്ചേർപ്പ് - അപേക്ഷാഫോറം